**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2378**
**18.12.2012 -ലെ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിന്റെ നടപടി ക്രമങ്ങളും സമയക്രമങ്ങളും**

ചോദ്യം
**ശ്രീ.. പി. ശ്രീരാമകൃഷ്ണൻ**

ഉത്തരം
**ശ്രീ. കെ.എം.മാണി**
( ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| ( എ ) | എം.എൽ.എ മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പി.ഡബ്ല്യു. ഡി. വർക്കുകൾ, ഇറിഗേഷൻ വർക്കുകൾ എന്നിവ നടത്തുന്നതിനുള്ള നടപടി ക്രമങ്ങളും സമയക്രമങ്ങളും വിശദമാക്കുമോ ; | പി.ഡബ്ല്യു.ഡി. വർക്കുകൾക്കും ഇറിഗേഷൻ വർക്കുകൾക്കും ഇപ്പോൾ നിലവിലുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും തന്നെയാണ് എം.എൽ.എ മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ടിലെ വർക്കുകൾക്കും ബാധകമായിട്ടുള്ളത്. |
| ( ബി ) | ഈ ഫണ്ടിൽ നിന്നും കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം കെ.റ്റി.ഡി.സി യുടെ നേതൃത്വത്തിൽ ടൂറിസം പ്രവർത്തികൾ എന്നിവ നടത്തുന്നതിനുള്ള നടപടി ക്രമങ്ങളും വിശദമാക്കാമോ ; | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ വ്യവസ്ഥ ചെയ്യുന്നില്ല. അതിനാൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം, കെ.റ്റി.ഡി.സി യുടെ നേതൃത്വത്തിൽ ടൂറിസം പ്രവർത്തികൾ എന്നിവ ആസ്തി വികസന ഫണ്ടിൽ ഏറ്റെടുക്കാൻ കഴിയില്ല. |
| (സി) | പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കനോലി കനാലിന് കുറുകെ ഹൈഡ്രോളിക് ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് ഏജൻസി കെ.ഇ.എൽ എന്തൊക്കെ നടപടിക്രമങ്ങളാണുള്ളത് ; ഇത് ജില്ലാ കളക്ടർ വഴിയാണോ നടപ്പാക്കേണ്ടത് ; വിശദമാക്കാമോ ? | LAC ADF വിനിയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതു ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ജില്ലാ കളക്ടർമാരല്ല. കനാലിന് കുറുകെ ഹൈഡ്രോളിക് ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ജലവിഭവ വകുപ്പു മുഖേന ഏറ്റെടുക്കാവുന്നതാണ്. നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നത് നിലവിലുള്ള വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിച്ചായിരിക്കണം. |

[signature]

സെക്ഷൻ ഓഫീസർ